# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2781 — 20.06.2013-ൽ മറുപടി നൽകേണ്ടത്

## ഭൂമിയുടെ ന്യായവിലനിർണ്ണയം

| ചോദ്യം<br>ശ്രീ ബാബു എം.പാലിശ്ശേരി | മറുപടി<br>ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ വന്നിട്ടുള്ള അപാകതകൾ ഇനിയും പരിഹരിക്കപ്പെടാനുണ്ട് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) തലപ്പിള്ളി താലൂക്ക് കാട്ടകാമ്പാൽ വില്ലേജ് പെങ്ങാമുക്ക് ദേശത്തെ, കൊള്ളനൂർ വീട്ടിൽ സജിം കെ.മാത്തുണ്ണിയുടെ ഭൂമിക്ക് ഫെയർ വാല്യൂ നിശ്ചയിച്ചത് വളരെ കൂടുതലാണെന്നും ആയത് കുറച്ചുകിട്ടണം എന്നു കാണിച്ചുനൽകിയ അപേക്ഷ അപ്പീൽ സമയം കഴിഞ്ഞു എന്നു പറഞ്ഞ് നിരസിച്ചകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) + (ബി)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) എങ്കിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കൊടുത്ത് ഫെയർവാല്യൂ നിശ്ചയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരി ക്കുമോ;<br><br>(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) + (ഡി)<br>കേരള മുദ്രപ്പത്രനിയമം 1959, 28 D വകുപ്പനുസരിച്ച് RDOമാർ നിശ്ചയിച്ചിട്ടുള്ള ഫെയർവാല്യൂവിൽ ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം അതാത് ജില്ലാകളക്ടർമാർക്ക് അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്. ടി കാലപരിധി ഒരു മാസത്തിൽനിന്നും ഒരു വർഷമായി ഉയർത്തിക്കൊണ്ടും ഒരു വർഷത്തിനു ശേഷമുള്ളവയ്ക്ക് കാലതാമസത്തിനുള്ള കാരണം ജില്ലാകളക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം സ്വീകരിക്കാവുന്നതാണെന്നും കാണിച്ച് സർക്കാർ ഓർഡിനൻസ് (ഓർഡിനൻസ് 54/2010 അസാധാരണ ഗസറ്റ് നം.2357 തീയതി 25.10.10) പുറപ്പെടുവിച്ചിട്ടുണ്ട്. കേരള മുദ്രപ്പത്രനിയമം അനുശാസിക്കുന്ന നിർദ്ദിഷ്ട ഫോമിൽ നിശ്ചിത രൂപയുടെ സ്റ്റാമ്പ് പതിച്ചിട്ടില്ലാത്തതിനാലും കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കുന്നതിന് മതിയായ കാരണം ചേർത്തിട്ടില്ലാതിരുന്നതിനാലുമാണ് അപേക്ഷ നിരസിച്ച് കക്ഷിക്ക് മറുപടി നൽകിയിരുന്നത് |

സെക്ഷൻ ഓഫീസർ.